നം . ഇ.എക്സ്.എ 1/26347/ 2011/ സി.ജി.ഇ

പരീക്ഷകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം-12,
തീയതി. 06/09/2011

# സർക്കുലർ

വിഷയം:- **പത്താംതരം തുല്യതാ പരീക്ഷ - ആഗസ്റ്റ് 2011 -** ഉത്തരക്കടലാസുകളുടെ പുനഃമൂല്യനിർണ്ണയത്തെ **സംബന്ധിച്ച്.**

സൂചന:- 06/05/2011 തീയതിയിലെ സി.ജനറൽ(4)/3938/2011 പ്രകാരമുള്ള വിജ്ഞാപനം.

2011 ആഗസ്റ്റിൽ നടത്തിയ പത്താംതരം തുല്യതാ പരീക്ഷയുടെ ഫലം സെപ്റ്റംബർ 6-ാം തീയതി പ്രസിദ്ധീകരിച്ചു.

ഉത്തരക്കടലാസ് പുനഃമൂല്യനിർണ്ണയത്തിന് ആഗ്രഹിക്കുന്നവർ അപേക്ഷയും, പേപ്പറൊന്നിന് 200/ രൂപയും 15/09/2011-ന് മുൻപായി അതാത് പരീക്ഷാ കേന്ദ്രങ്ങളിലെ ഹെഡ്മാസ്റ്റർക്ക് സമർപ്പിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രങ്ങളിലെ ഹെഡ്മാസ്റ്റർമാർ തങ്ങളുടെ സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ വിശദവിവരം (അപേക്ഷാർത്ഥിയുടെ പേര്, രജിസ്റ്റർ നമ്പർ, പുനഃമൂല്യനിർണ്ണയം നടത്തേണ്ട വിഷയം, ലഭിച്ച തുക) cgeasection@gmail.com എന്ന വിലാസത്തിൽ 16/09/2011 ന് ഇ-മെയിൽ ചെയ്യണം. സെക്രട്ടറി, പരീക്ഷാഭവൻ, എന്ന പേരിൽ തിരുവനന്തപുരത്തു മാറാൻ കഴിയുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഫീസിനത്തിൽ ലഭിച്ച തുക, ഫീസിന്റെ വിശദവിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് സഹിതം പരീക്ഷാഭവനിലേയ്ക്ക് 20/09/2011 ന് മുൻപായി ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ അയയ്ക്കേണ്ടതാണ്.

**Sd/-**

**സെക്രട്ടറി**